Draft #1 of File 40265/AC B6-1/2020/AC B 6 Approved by DEPUTY REGISTRAR II (ACADEMIC) on 03-Sep-2020 04:34 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY, KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അഫിലിയേറ്റഡ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകളിൽ ഭിന്ന ശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കുള്ള പ്രവേശനം - ഭിന്ന ശേഷി തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം- സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 3931/AC B 6/2020/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 03.09.2020

---

*പരാമർശം:-*ക്യാപ്പ് സാങ്കേതിക വിഭാഗം/02/2020, തീയതി:03.09.2020 എന്ന നമ്പറിലുള്ള കുറിപ്പ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകളിലേക്ക് ഭിന്ന ശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്ക് ലഭിച്ച അപേക്ഷകളോടൊപ്പം അപ്‌ലോഡ് ചെയ്തിട്ടുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1. പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ പലതും 10 വർഷത്തിനു മേൽ പഴക്കമുള്ളവയാണ്. സംസ്ഥാന സർക്കാരിന്റെ സോഷ്യൽ ജസ്റ്റിസ് വകുപ്പിന്റെ നിർദ്ദേശപ്രകാരം 18 വയസ്സ് കഴിഞ്ഞാൽ പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഒരു പ്രാവശ്യം പുതുക്കേണ്ടതുണ്ട്.
2. ചില പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകളിൽ 5 വർഷത്തിനു ശേഷം പുതുക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഉള്ളവയും പുതുക്കിയതായി കാണുന്നില്ല.
3. 3 വർഷം കൂടുമ്പോൾ പുതുക്കേണ്ട 'ടെമ്പററി ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ' പലതും കാലഹരണപ്പെട്ടതോ 10 വർഷത്തിലധികം പഴക്കമുള്ളവയോ ആണ്.
4. സർവ്വകലാശാലയുടെ പ്രോസ്പെക്ടസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഡിസ്ട്രിക്ട് മെഡിക്കൽ ബോർഡ് നൽകിയതായിരിക്കണം.

കോവിഡ് 19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാരായ അപേക്ഷകരോട് നിലവിലെ നിയമങ്ങൾ പ്രകാരം പുതിയ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത് വലിയ തോതിലുള്ള വിഷമങ്ങൾ സൃഷ്ടിക്കുമെന്നുള്ളതുകൊണ്ടും, നിലവിലത്തെ സാഹചര്യത്തിൽ ജില്ലാ മെഡിക്കൽ ബോർഡ് കൂടുന്നതിനുള്ള കാലതാമസം കണക്കിലെടുത്തുകൊണ്ടും സർക്കാർ നിഷ്കർഷിക്കും പ്രകാരമുള്ള കാലയളവിനുള്ളിൽ പുതുക്കാത്ത ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ പരിഗണിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1. "പെർമനന്റ് ഡിസെബിലിറ്റി" എന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ കാലപ്പഴക്കമുണ്ടെങ്കിൽ കൂടി നിലവിലെ പരിതസ്ഥിതിയിൽ പരിഗണിക്കേണ്ടതും ഇത്തരം അപേക്ഷകർ പ്രവേശനം ക്ലോസ് ചെയ്യുന്ന തീയതിക്കു മുൻപായി പുതുക്കിയ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനു നിഷ്കർഷിക്കുകയും ചെയ്യേണ്ടതാണ്.
2. ടെമ്പററി ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ദീർഘനാളുകളായി പുതുക്കാത്തവരുടെ അപേക്ഷ നിരസിക്കേണ്ടതും , ഇവർക്ക് പുതുക്കിയ സർട്ടിഫിക്കറ്റോടെ പുതുതായി നിജപ്പെടുത്തിയ തീയതികളിൽ അപേക്ഷിക്കുന്നതിനുള്ള അവസരമൊരുക്കേണ്ടതുമാണ്.
3. കോവിഡ് കാലയളവിൽ കാലാവധി അവസാനിച്ച (കഴിഞ്ഞ ആറു മാസക്കാലത്തിനുള്ളിൽ) ടെമ്പററി ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ സ്വീകരിക്കേണ്ടതും ഇത്തരം അപേക്ഷകർ പ്രവേശനം ക്ലോസ് ചെയ്യുന്ന തീയതിക്കു മുൻപായി പുതുക്കിയ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനു നിഷ്കർഷിക്കുകയും ചെയ്യേണ്ടതുമാണ്.

മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഹാരീസ് പി വൈ

ഡപ്യൂട്ടി രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പൽമാർ
2. വൈസ് ചാൻസിലർ/ പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പി എസ്
3. രജിസ്ട്രാർ/ഫിനാൻസ് ഓഫിസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
4. ജോയിൻറ് രജിസ്ട്രാർ II (ഭരണം )
5. ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക് )
6. അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )
7. ക്യാപ് ടെക്നിക്കൽ ടീം
8. എസി എ1/ എസി എ7
9. ഐ ക്യൂ എ സി , കണ്ടെന്റ് മാനേജ്മെന്റ് സെൽ
10. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 40265/AC B6-1/2020/AC B 6 Approved by DEPUTY REGISTRAR II (ACADEMIC) on 03-Sep-2020 04:34 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം